12/11 22712/18

22712



# വകുപ്പുതല കണക്കുപരിശോധനാറിപ്പോർട്ട്

## പട്ടികജാതിവികസന ഓഫീസ്,ഷൊർണൂർ നഗരസഭ,പാലക്കാട്ജില്ല.

| | |
|---|---|
| പരിശോധനാതീയതി | : 06.08.2018 മുതൽ10.08.2018 വരെ |
| പരിശോധനാകാലയളവ് | :01.04,2011 മുതൽ 31.03.2018 വരെ |
| പരിശോധനാവിഭാഗം | :ഫിനാൻസ്.ഡി&ഇ ആഡിറ്റ് സെക്ഷനുകൾ. |
| **പരിശോധനാടീമിൽ പങ്കെടുത്തവർ** | :1.ശ്രീ. കെ.കെ,പ്രസാദ്(സീനിയർ സൂപ്രണ്ട്)<br>:2.ശ്രീ.കെ.എസ് സുദർശനൻ ആചാരി (സീനിയർ സൂപ്രണ്ട്)<br>:3.ശ്രീ. കെ.കെ.ശ്രീരാജ് (ക്ളാർക്ക് ഹയർ ഗ്രേഡ്)<br>: 4.ശ്രീ.ബി M.A (സീനിയർ ക്ളാർക്ക്) |

### പരിശോധനാകാലയളവിൽ ജോലിനോക്കിയിരുന്ന ഉദ്യോഗസ്ഥർ

പട്ടികജാതിവികസന ഓഫീസർമാർ

| | | |
|---|---|---|
| 1.ശ്രീ.മണികണ്ഠൻ.കെ | PEN.No 223328 | : 01-04-2011 മുതൽ 19.09.2011 വരെ |
| 2. ശ്രീമതി.ശ്രീജ.കെ.എസ് . | PEN.No 506979 | : 20-09-2011 മുതൽ19-10-2011 വരെ |
| 1.ശ്രീ.മണികണ്ഠൻ.കെ | PEN.No 223328 | : 20-10-2011 മുതൽ 30.10.2011 വരെ |
| 4.ശ്രീമതി.ദീപ.വി.എസ്. | PEN.No 226654 | : 31-10-2011 മുതൽ 06.05.2012 വരെ |
| 2. ശ്രീമതി.ശ്രീജ.കെ.എസ് . | PEN.No 506979 | : 07-05-2012 മുതൽ06-06-2012 വരെ |
| 6.ശ്രീ.ദേവാനന്ദ്.ടി. | PEN.No 227245 | : 07-06-2012 മുതൽ 27.11.2013 വരെ |
| 8.ശ്രീ.വേലായുധൻ.സി. | PEN.No 227185 | : 28-11-2013 മുതൽ 14.02.2017 വരെ |
| 17.ശ്രീ.സിമ്മി.കെ.ഇ | PEN.No 227237 | : 15-02-2017 മുതൽ തുടരുന്നു. |

### ആമുഖം.

പാലക്കാട് ജില്ലയിലെ താരതമ്യേന ജനസംഖ്യ കുറഞ്ഞ നഗരസഭയാണ് ഷൊർണ്ണൂർ നഗരസഭ.ഇവിടെ 85 സങ്കേതങ്ങളിലെ 1049 കുടുംബങ്ങളിലും,298 ഉപ കുടുംബങ്ങളിലുമായി 2015 പുരുഷൻമാരും 2279 സ്ത്രീകളുമുൾപ്പെടെ 4385 പേർ അധിവസിക്കുന്നു.ഇതര തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽനിന്നും വ്യത്യസ്ഥമായി ഇവിടെ ഒറ്റപ്പെട്ട കുടുംബങ്ങ

ളിൽ പട്ടികജാതിക്കാർ അധിവസിക്കുന്നില്ലെന്നത് വിചിത്രമായ വസ്തുതയാണ്.നഗരസഭയിലെ ആകെ ജനസംഖ്യയിൽ പട്ടികജാതിവിഭാഗം 23.5% ആണെന്നുകാണുന്നു.

പുലയൻ,പെരുവണ്ണാൻ,പറയ,വേലൻ,കുറവൻ,പരവൻ,മണ്ണാൻ,ചക്ലിയ,നായാടി,പാണൻ, ചെറുമൻ,പുള്ളുവൻ,കണക്കൻ,കൂടൻ,സിദ്ധനർ എന്നീവിഭാഗങ്ങളിൽ ചെറുമൻ വിഭാഗമാണ് 85.69% വും.പൂർണ്ണമായും ജലക്ഷാമംനേരിടുന്നതും ഉപയോഗ യോഗ്യമല്ലാത്ത ടോയിലറ്റ്ഉള്ളതുമായ ധാരാളം കുടുബങ്ങളും അധിവസിക്കുന്നതായി കാണുന്നു.പട്ടികജാതി കുടുബങ്ങളുടെ കൈവശമുള്ള ശരാശരി ഭൂമിയുടെ അളവ് 11.46 സെന്റാണ്.ഇത് മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട അവസ്ഥയാണ്.പട്ടികജാതി സങ്കേതങ്ങളിൽ സാധാരണ കണ്ടുവരാറുള്ള എല്ലാവിധ അടിസ്ഥാന സാമൂഹ്യ,സാമ്പത്തിക പ്രശനങ്ങളും ഇവിടേയും നിലനിൽക്കുന്നുണ്ട്.അവ പരിഹരിക്കുന്നതിന് മുൻഗണന നൽകുന്ന പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് (എസ്.സി.പി ഫണ്ട് വിനിയോഗിക്കുന്നതിന് )തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രേരണനൽകേണ്ടതാണ്.

പട്ടികജാതി വിഭാഗങ്ങളുടെ സ്റ്റാറ്റസ് മനസിലാക്കുന്നതിന് 2010-11 സാമ്പത്തികവർഷം കിലയും വകുപ്പും സംയുക്തമായിനടത്തിയ സെൻസസിലെ വിവരങ്ങളാണ് അവലംബിക്കുന്നത്.ഇത് കാലോചിതമായി പരിഷ്കരിക്കുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിക്കേണ്ടത് അനിവാര്യമാണെന്ന് കാണുന്നു.

ഫീൽഡ് തലപരിശോധന.

ഓഡിറ്റിനോടനുബന്ധിച്ച് ഫീൽഡ് പരിശോധന -സീനിയർഫിനാൻസ് ഓഫീസർ ശ്രീ. എം.മുഹമ്മദ് ഹാരീസ് ന്റെ നേതൃത്വത്തിൽ -നടത്തിയതു സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1.പ്രീ മെട്രിക് ഹോസ്റ്റൽ(പെൺകുട്ടികൾ)-40 കുട്ടികൾക്ക് താമസിച്ചുപഠിക്കാൻ സൗകര്യമുള്ള ഇവിട നിലവിൽ 28 കുട്ടികൾമാത്രമാണുള്ളത്.എല്ലാവിധ സൗകര്യങ്ങളുമുള്ള ഹോസ്റ്റലും പരിസരവും വൃത്തിയായി പരിപാലിക്കുന്നതായി കണ്ടു.വാർഡൻ,കുക്ക്,റസിഡന്റ് ട്യൂട്ടർ എന്നിവർ ഹാജരുണ്ടായിരുന്നു.കാലവർഷത്തെതുടർന്നുള്ള അവധിയായിരുന്നതിനാൽ കുട്ടികളും ഉണ്ടായിരുന്നു.മെനു പ്രകാരമുള്ള ഉച്ച ഭക്ഷണം കുട്ടികൾക്ക് നൽകിയതായി കാണുന്നു.താമസത്തേക്കുറിച്ചോ,ഭക്ഷണത്തെക്കുറിച്ചോ,ജീവനക്കാരുടെ പെരുമാറ്റത്തേക്കുറിച്ചോ ഒരു പരാതിയും കുട്ടികൾ ഉന്നയിച്ചില്ല.സ്കൂളും ഹോസ്റ്റലും തമ്മിൽ നല്ലദൂരം ഉള്ളതായി മനസിലാക്കുന്നു.കുട്ടികൾക്ക് യാത്രാസൗകര്യം ഏർപ്പാടാക്കുന്നതിന് നഗരസഭയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

2.അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി-ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട നഗരസഭയുടെ വെളുത്തേൻമാരിൽ കോളനിയിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണപ്രവർത്തനം നടത്തുന്നതിന് KEL എന്ന ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.എസ്റ്റിമേറ്റ്പ്രകാരം ഇവിടെ ഏറ്റെടുത്തിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ.1.Side wall,2.Road,3.Drainage,4. Road re tarring,5.Borewell water supply scheme,6Anganwadi and samskarikanilayam

എന്നിവയാണ്.ഇതിൽ Side wall, Drainage എന്നിവയുടെ നിർമ്മാണം ആരംഭിച്ചിട്ടു ണ്ട്.മറ്റ് നിർമ്മാണപ്രവർത്തനങ്ങൾ ഉടൻ അരംഭിക്കുമെന്ന് ഏജൻസി അറിയിച്ചതായി എസ്.സി.ഡി.ഒ വ്യക്തമാക്കിയിട്ടുണ്ട്.നിർമ്മാണപുരോഗതി അറിയിക്കേണ്ടതാണ്.

3.സ്ഥലവും വീടും അനുവദിച്ച ഗുണഭോക്താക്കൾ

1.ശ്രീ .വിനോദ്,ചക്കുതൊടി,ഗണേശഗിരി.

2.ശ്രീ.പദ്മകുമാർ,കിഴക്കീടൻമാരി,ഗണേശഗിരി.

3.ശ്രീ.പ്രിജേഷ്,മുല്ലക്കൽ,നെടുങ്ങോട്ടൂർ.

4.ശ്രീ.പ്രിയ,പാണ്ഡ്യാലൻതുടി,ഗണേശഗിരി.

ധനസഹായമുപയോഗിച്ചുവാങ്ങിയ സ്ഥലവും,അതിൽ നിർമ്മിക്കുന്ന വീടും സന്ദർശിച്ച് ബോധ്യപ്പെട്ടു.വീടുകളുടെ നിർമ്മാണം നന്നായി പുരോഗമിക്കുന്നതായി ബോധ്യപ്പെട്ടു.

4.പഠന മുറി അനുവദിച്ച ഗുണഭോക്താക്കൾ.

1.ശ്രീ.ചന്ദ്രൻ,മേച്ചിലാത്ത്കുന്ന്, ഗണേശഗിരി.

2.ശ്രീ.രവീന്ദ്രൻ,കുന്നത്ത് ഹൗസ്,കുന്നത്താഴത്ത്.

3.ശ്രീ.ശശീന്ദ്രൻ,മണ്ണത്തൻമാരി,പരിത്തിപ്ര.

4.ശ്രീമതി.ജ്യോതി., മേച്ചിലാത്ത്കുന്ന്, ഗണേശഗിരി.

5.ശ്രീമതി.സുശീല,തട്ടാൻതൊടിക്കിഴക്കേതിൽ,ഇളംകുളം.

6.ഗോപാലൻ,കള്ളിത്തൊടി,കുളപ്പുള്ളി.

പഠന മുറി അനുവദിച്ച ഗുണഭോക്താക്കളുടെ വീടു സന്ദർശിച്ച് നിർമ്മാണ പുരോഗതി നേരിൽ മനസ്സിലാക്കി. നിർമ്മാണം നന്നായി പുരോഗമിക്കുന്നതായി ബോധ്യപ്പെട്ടു.

വിദേശതൊഴിൽ ധനസഹായം അനുവദിച്ച ശ്രീ.ശ്രീജേഷ്,കോക്കൂരിപ്പറമ്പിൽ,മുണ്ടമുക എന്ന ഗുണഭോക്താവിന്റെ വീട് സന്ദർശിച്ച് നിലവിലെ അവസ്ഥ രക്ഷിതാക്കളോട് അന്വേഷിച്ചറിഞ്ഞു.ടിയാൾക്ക് ഭേദപ്പെട്ട വരുമാനം ലഭിക്കുന്നുണ്ടെന്നും,നിലവിൽ തൊഴിൽസംബന്ധമായ പ്രശ്നങ്ങൾ ഇല്ലെന്നും അറിയാൻകഴിഞ്ഞു.

## മുൻ ഓഡിറ്റുകൾ സംബന്ധിച്ച്

### (എ)-വകുപ്പുതല പരിശോധന.

01-08-2007 മുതൽ 31-03-2011 വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങൾ വകുപ്പുതല പരിശോധനാവിഭാഗം(ഫിൻ.ഡി) നടത്തിയിട്ടുണ്ട്.ഈ പരിശോധന സംബന്ധിച്ചറിപ്പോർട്ട് 12-09-2012 ന് ബി1.22307/12 പ്രകാരം നല്കിയതിന്റെ അടിസ്ഥാനത്തിൽ 14-10-2014 ൽ

SR.06/2013 പ്രകാരം പ്രാഥമിക മറുപടി നൽകിയിട്ടുണ്ട്. 15-05-2017 ലെ അദാലത്തിൽ ശേഷിക്കുന്ന ഖണ്ഡികകൾ ഉപാധികളോടെ തീർപ്പാക്കിയതായി പറയുന്നുണ്ടെങ്കിലും ഖണ്ഡിക V(1) ഈ ഉപാധി പാലിച്ചുകാണുന്നില്ല.

ഖണ്ഡിക V(1) -2004-05ലെ സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ചെലവിനങ്ങളുടെ വൗച്ചറുകൾ ക്രമീകരിക്കുന്നതിനായി 30-10-2014 ലിലെ SR.06/2013(2) പ്രകാരം ജില്ലാ പട്ടികജാതിവികസന ഓഫീസർക്ക് അയച്ചിട്ടുള്ളതായി കാണുന്നു.എന്നാൽ ടി വൗച്ചറുകളുടെ പകർപ്പ് ഫയലിൽ കാണുന്നില്ല. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ചെലവ് പ്രസ്തുത സാമ്പത്തികവർഷംതന്നെ ക്രമീകരിക്കാറുണ്ട് എന്നതിനാൽ ജില്ലാ പട്ടികജാതിവികസന ഓഫീസറുടെ അഭിപ്രായം ആരാഞ്ഞതിനുശേഷം ഈ ഖണ്ഡികയിൻമേൽ നിലനിൽക്കുന്ന ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന സംബന്ധിച്ച്.

2016-17 സാമ്പത്തിക വർഷം ഏ.ജി പരിശോധനാവിധേയമാക്കിയിട്ടുണ്ട്.എന്നാൽ ഈ ഓഡിറ്റ് സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചതായി കാണുന്നില്ല.

മുൻ ഓഡിറ്റുകളുടെ ധാരാളം ഖണ്ഡികകൾ തീർപ്പാക്കാനുള്ളതായും കാണുന്നു.

1. OA(HQ)II/IV/12-436/09-10/--part.II, B para I,II,&III

2OA(HQ)II/IV/12-406/11-12/--part.II B para II&IV.

3.OA(HQ)II/IV/12-84/13-14/--part.II B para I.

4.OA(HQ)II/IV/12-23/16-17/--part.II B para I to V

ഇതിൻമേലുള്ള പുരോഗതി റിപ്പോർട്ടുചെയ്യേണ്ടതാണ്.

## പാർട്ട് II

### ക്യഷ് ബുക്കുംഅനുബന്ധ രേഖകളും.

1..ക്യഷ്ബുക്കും ബിൽബുക്കും.

1.താഴെകാണിച്ചിരിക്കുന്ന ബിൽ പ്രകാരം മാറിയിട്ടുള്ള തുകകൾ ക്യാഷ്ബുക്കിൽവരവ് രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | ബിൽ നം. | തീയതി. | തുക |
|---|---|---|---|
| 1 | CB.03/11-12 | 24-05-2011 | 2,70,000/- |
| 2 | CB.04/11-12 | 24-05-2011 | 20,000/- |
| 3 | CB.03/11-12 | 30-05-2011 | 1,00,000/- |

| | | | |
|---|---|---|---|
| 4 | CB.08/11-12 | 20-06-2011 | 3,065/- |
| 5 | CB.09/11-12 | 20-06-2011 | 1,090/- |
| 6 | CB.16/11-12 | 28-07-2011 | 3,000/- |
| 7 | CB.19/11-12 | 24-08-2011 | 1,70,000/- |
| 8 | CB.23/11-12 | 01-09-2011 | 14,750/- |
| 9 | CB.32/11-12 | 30-11-2011 | 6,000/- |
| 10 | CB.33/11-12 | 30-11-2011 | 4,500/- |
| 11 | CB.37/11-12 | 30-12-2011 | 70,000/- |
| 12 | CB.38/11-12 | 31-12-2011 | 13,500/- |
| 13 | CB.39/11-12 | 12-01-2012 | 33,000/- |
| 14 | CB.41/11-12 | 12-01-2012 | 2,97,000/- |
| 15 | CB.42/11-12 | 13-01-2012 | 1,00,000/- |
| 16 | CB.43/11-12 | 16-01-2012 | 20,000/- |
| 17 | CB.44/11-12 | 16-01-2012 | 1,75,000/- |
| 18 | CB.45/11-12 | 23-01-2012 | 1,75,000/- |
| 19 | CB.46/11-12 | 30-01-2012 | 1,75,000/- |
| 20 | CB.47/11-12 | 30-01-2012 | 3,50,000/- |
| 21 | CB.48/11-12 | 30-01-2012 | 3,50,000/- |
| 22 | CB.49/11-12 | 30-01-2012 | 3,50,000/- |
| 23 | CB.50/11-12 | 31-01-2012 | 1,75,000/- |
| 24 | CB.54/11-12 | 08-02-2012 | 1,75,000/- |
| 25 | CB.52/11-12 | 08-02-2012 | 66,667/- |
| 26 | CB.52/11-12 | 29-02-2012 | 3,50,000/- |
| 26 | CB.63/11-12 | 29-03-2012 | 1,05,000/- |
| 27 | CB.65/11-12 | 29-03-2012 | 2,000/- |
| 28 | CB.56/11-12 | 31-03-2012 | 50,000/- |
| 29 | CB.70/11-12 | 31-03-2012 | 50,000/- |
| 30 | CB.71/11-12 | 31-03-2012 | 7,99,500/- |

2. CB.56/17-18 dtd 15-12-2017 പ്രകാരം 6,00,000/-ബിൽ സമർപ്പിച്ചതായി കാണുന്നു.എന്നാൽ ട്രഷറി ഓഫീസർ 60,00,000/-പാസ്സാക്കിയതായി കാണുന്നു.ന്യൂനത പരിഹരിക്കേണ്ടതാണ്.

3. CB.109/17-18 dtd -----പ്രകാരം 6,00,000/-ബിൽ സമർപ്പിച്ചതായി കാണുന്നു.എന്നാൽ ടി ബിൽ ട്രഷറി ഓഫീസർ നിരസിച്ചതായോ.പാസ്സാക്കിയിട്ടുള്ളതായോ രേഖപ്പെടുത്തിയിട്ടില്ല.ട്രഷറിയുമായി ബന്ധപ്പെട്ട് .ന്യൂനത പരിഹരിക്കേണ്ടതാണ്.

4. . CB.41/17-18 dtd 17-10-2017പ്രകാരം 3,30,000/-രണ്ട് തവണ മാറിയിട്ടുള്ളതായി കാണുന്നു.വിശദീകരണം നൽകേണ്ടതാണ്.

5.17-10-2017 ന് CB.42/17-18 പ്രകാരം 50,000/- രൂപ രണ്ട് തവണ മാറിയിട്ടുള്ളതായി കാണുന്നു.വിശദീകരണം നൽകേണ്ടതാണ്.

**2.TR.5 രസീത്/സ്റ്റോക്ക് രജിസ്റ്റർ.**

1.പഴയ രീതിയിലുള്ള TR.5 രസീത്ബുക്കാണ് ഉപയോഗിച്ചുവരുന്നത്.ബുക്ക്നമ്പർ രണ്ടിൽ രസീത് നമ്പർ 66 വരെ ഉപയോഗിച്ചിട്ടുണ്ട്.അതിനുശേഷമുള്ളരസീതുകൾ റദ്ദു ചെയ്യേണ്ടതും പുതിയ രീതിയിലുള്ള (Centralised Numbering System ഉള്ള)TR.5 രശീതി ലഭ്യമാക്കി ഉപയോഗിക്കേണ്ടതാണ്.

2.02-05-2013 ൽ രസീത് നമ്പർ 46 പ്രകാരം 668/- രൂപ ശ്രീമതി.സുചിത്ര.പി.കെ ,എന്ന ഗുണഭോക്താവിൽനിന്നും കൈപ്പറ്റിയിരിക്കുന്നതായി കാണുന്നു.എന്നാൽ ഒർജിനൽ രസീതിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.ഡ്യൂപ്ലീക്കേറ്റ് രസീതിൽമാത്രം രേഖപ്പെടുത്തൽവരുത്തിയിരിക്കുന്നു. ഒർജിനൽ രസീതിൽ രേഖപ്പെടുത്തലുകൾഇല്ലാതെ ഡ്യൂപ്ലീക്കേറ്റ് രസീതിൽമാത്രം എപ്രകാരം രേഖപ്പെടുത്തൽവരുത്തി യെന്ന് വ്യക്തമാക്കേണ്ടതാണ്.

**3.ചെലാൻ ഫയൽ.**

1.ചെലാനുകൾ ക്രമമായി ഫയൽചെയ്ത് സൂക്ഷിക്കേണ്ടതാണ്.

2.ചെലാൻ നമ്പർ 55 തീയതി 07-05-2012 പ്രകാരം 2000/- രൂപ ട്രഷറിയിൽ തിരിച്ചടച്ചതായി കാണുന്നു.എന്നാൽ ക്യാഷ്ബുക്കിൽ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.

3. ചെലാൻ നമ്പർ 32 തീയതി 24-12-2013 പ്രകാരം 2000/- രൂപ എസ്.സി.ഡി.ഒ ട്രഷറിയിൽ തിരിച്ചടച്ചതായി കാണുന്നു.എന്നാൽ ക്യാഷ്ബുക്കിൽ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.ടി തുക തിരിച്ചടക്കുവാനുണ്ടായ സാഹചര്യം,തിരിച്ചടക്കേണ്ട തുകയുടെ കൃത്യമായകണക്ക്, ഗുണഭോക്താക്കളിൽനിന്നും അധികതുകതിരിച്ചുപിടിച്ചിട്ടുള്ളതാണെങ്കിൽ ആയതിന്റെ രസീത്; തുടങ്ങിയ രേഖപ്പെടുത്തലുകൾ ഒന്നും കണ്ടെത്താനായിട്ടില്ല .ആയത് ലഭ്യമാക്കി വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

**4.സി.ആർ.ഡി.ആർ.**

രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കാണിച്ചിട്ടുള്ളപ്രകാരം തുകകൾ ചെലവഴിച്ചതായി കാണുന്നു.എന്നാൽ ആയത് ക്യാഷ്ബുക്കിൽചെലവ് രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | തീയതി. | തുക |
|---|---|---|
| 1 | 18-10-2011 | 819/- |
| 2 | 25-06-2012 | 702/- |
| 3 | 06-08-2012 | 692/- |
| 4 | 03-12-2013 | 1248/- |
| 5 | 02-01-2014 | 1196/- |
| 6 | 04-03-2014 | 1560/- |
| 7 | 07-04-2014 | 3000/- |
| 8 | 01-08-2014 | 3000/- |

**5.പണംപറ്റ് രസീതുകൾ.**

1.ടി ഓഫീസിലെ ലംപ്സംഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകകളുടെ രസീതുകൾ പരിശോധിച്ചതിൽ താഴെ കാണുന്ന പ്രകാരം ന്യൂനതകൾകാണുന്നു.ആയത് പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

(എ).2014-15 സാമ്പത്തികവർഷം ലംപ്സംഗ്രാന്റ്ഇനത്തിൽ സെന്റ് തെരേസാസ് ഹയർസെക്കണ്ടറി സ്കൂൾ ഹെഡ്മാസ്റ്റർ 92,000/- രൂപയും,12,000/- രൂപയും ഉൾപ്പെടെ ആകെ 1,04,000/-രൂപ കൈപ്പറ്റിയിട്ടുണ്ട്.എന്നാൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

(ബി).TMSLps പരുത്തിപ്പാറ PVJB സ്കൂൾ കുളപ്പുള്ളി എന്നീസ്കൂളുകൾ യഥാക്രമം 8000/-,18,000/-എന്നിങ്ങനെ കൈപ്പറ്റിയിട്ടുണ്ടെങ്കിലും തീയതി രേഖപ്പെടുത്തിയിട്ടില്ല. എസ്.സി.ഡി.ഒ യും തുകയുടെ വിതരണം സാക്ഷ്യപ്പെടുത്തിയിട്ടില്ല.മേൽസാഹചര്യത്തിൽ ടി തുകകളുടെ വിതരണം ക്യാഷ്ബുക്കുമായി ഒത്തുനോക്കുവാൻ സാധിക്കുന്നില്ല.മേൽസാഹചര്യത്തിൽ ടി തുകകളുടെവിതരണം പരിശോധിച്ച് റിപ്പോർട്ടു ചെയ്യേണ്ടതാണ്.

(സി)2015-16 സാമ്പത്തികവർഷം AUPSകവളപ്പാറ എന്ന വിദ്യാഭ്യാസസ്ഥാപനം ചെക്ക് നംമ്പർ 017611 തീയതി 15-07-2015 പ്രകാരം 16-07-2015 ൽ 20,000/- രൂപ കൈപ്പറ്റിയതായി കാണുന്നു.എന്നാൽ ക്യാഷ്ബുക്കിൽ 40,000/- രൂപ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു.വിശദീകരണംനൽകേണ്ടതാണ്.

(ഡി).ക്യാഷ്ബുക്ക് പ്രകാരം താഴെപ്പറയുന്ന തീയതികളിലെ ചെലവുകളുടെ വൗച്ചറുകൾ/അക്വിറ്റൻസുകൾ ലഭ്യമായിട്ടില്ല.ആയത് കണ്ടെത്തി വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്

| ക്രമ നം. | തീയതി. | തുക |
|---|---|---|
| 1 | 01-09-2011 | 300/- |
| 2 | 01-09-2011 | 200/- |
| 3 | 02-10-2011 | 450/- |

| | | |
|---|---|---|
| 4 | 03-10-2011 | 78/- |
| 5 | 04-10-2011 | 550/- |
| 6 | 11-10-2011 | 225/- |
| 7 | 12-10-2011 | 300/- |
| 8 | 14-10-2011 | 197/- |
| 9 | 20-11-2014 | 1500/- |
| 10 | 14-07-2014 | 1500/- |
| 11 | 19-07-2014 | 6700/- |
| 12 | 16-12-2015 | 1000/- |
| 13 | 13-07-2017 | 1200/- |
| 14 | 22-03-2018 | 2400/- |

**6.STSB-അക്കൗണ്ടുകൾ.**

1.അക്കൗണ്ട് നം.721081400000141.

ഷൊർണ്ണൂർ സബ്ട്രഷറിയിൽ 17-10-2016 ൽ പദ്ധതികളുടെ ധനസഹായതുകകൾ വിതരണംചെയ്യുന്നതിനായി ആരംഭിച്ചിട്ടുള്ള അക്കൗണ്ടാണ്.നിലവിൽ ഈ അക്കൗണ്ടിൽ 1500/- രൂപ നീക്കീബാക്കിയുണ്ട്.തപാൽസ്റ്റാമ്പ് വാങ്ങുന്നതിനുള്ള തുകയാണിതെന്ന് എസ്.സി.ഡി.ഒ വിശദീകരിച്ചു.

2.അക്കൗണ്ട് നം.721081400000008

ചികിത്സാധനസഹായം വിതരണംചെയ്യുന്നതിന് ആരംഭിച്ച ഈ അക്കൗണ്ടിൽ നിലവിൽ നീക്കിബാക്കിയില്ല.മറ്റ് പരാമർശങ്ങൾ ഇല്ല.

**പാർട്ട് III**

വിവിധ പദ്ധതികൾ സംബന്ധിച്ച്.

**1.ഭവന നിർമ്മാണ ധനസഹായം.**

1.2007-08 മുതൽ 2016-17 വരെയുള്ള .ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ പുരോഗതിവിവരം ചുവടെ കാണിക്കുന്നു.

| വർഷം. | ടാർജറ്റ് | പൂർത്തിയായവ | പൂർത്തിയാക്കാൻ ഉള്ളത് | പൂർത്തിയാക്കാനുള്ള ഭവനങ്ങളുടെ സ്റ്റേജ് വിവരം | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2007-08 | 36 | 33 | 3 | 1 | 2 | - |
| 2008-09 | 20 | 19 | 1 | - | - | 1 |

| | | | | | | |
|---|---|---|---|---|---|---|
| 2009-10 | 45 | 38 | 7 | 1 | 2 | 4 |
| 2010-11 | 15 | 11 | 4 | 2 | 2 | - |
| 2011-12 | 8 | 8 | 0 | - | - | - |
| 2012-13 | 41 | 38 | 3 | 1 | 2 | - |
| 2013-14 | 32 | 26 | 6 | - | 5 | 1 |
| 2014-15 | 33 | 33 | 0 | - | - | - |
| 2015-16 | 68 | 59 | 9 | 2 | 6 | 1 |
| 2016-17 | 71 | 41 | 30 | 14 | 10 | 6 |
| 2017-18 | 24 | 4 | 20 | 7 | 11 | 2 |
| ആകെ | 393 | 310 | 83 | 28 | 40 | 15 |

2. 2007-08 മുതൽ 2016-17 വരെയുള്ള ഗുണഭോക്താക്കളിൽ 28 പേർ ഇപ്പോഴും ഒന്നാം ഗഡുവിൽ നില്ക്കുന്നു.ഈ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം സംബന്ധിച്ച് ഇപ്പോഴത്തെ അവസ്ഥ റിപ്പോർട്ട്ചെയ്യേണ്ടതാണ്. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തേണ്ടതാണ്.ഗുണഭോക്താക്കളുടെ മീറ്റിംഗ് വിളിച്ചു ചേർക്കുക,.ബ്ലോക്ക് പഞ്ചായത്ത് മെംമ്പർമാരുടേയും,ഗ്രാമപഞ്ചായത്ത് മെംബർമാരുടേയും സഹകരണത്തോടെ പ്രവർത്തനകലണ്ടർ തയ്യാറാക്കുക, അതിൻപ്രകാരം നിർമ്മാണം പൂർത്തിയാക്കുന്നതിന് ഗുണഭോക്താക്കളെ സജ്ജരാക്കുക,പ്രമോട്ടർമാർക്ക് ടാർജറ്റ് നിശ്ചയിച്ചുനൽകുക തുടങ്ങിയ രീതികൾ അവലംബിക്കാവുന്നതാണ്.

3.അപേക്ഷകളും അനുബന്ധരേഖകളും,ആനുകൂല്യം അനുവദിച്ച മേലാഫീസറുടെ ഉത്തരവുകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്റർ നന്നായി പരിപാലിച്ചിട്ടുണ്ട്, 2012-13 വർഷം മുതൽപദ്ധതി നടത്തിപ്പിനായി വകുപ്പിൽനിന്നും നൽകിയ രജിസ്റ്റർ ആണ് ഉപയോഗിക്കുന്നത്.ഈ രജിസ്റ്റർ പേജ്നമ്പർഇട്ട് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.മിക്ക ഗുണഭോക്താക്കളുടേയും ഫോട്ടോ രജിസ്റ്ററിൽപതിച്ചിട്ടുണ്ടെങ്കിലും ചുവടെ പറയുന്നവരെ ഒഴിവാക്കിയതായികാണുന്നു.

1.ശ്രീമതി .ശാന്ത.എ.പി,അരിയത്തുപറമ്പിൽ,കവലപ്പാറ-2016-17

2.ശ്രീമതി.ശാലിനി,മുല്ലശ്ശേരിൽ,കുളപ്പുള്ളി-2016-17.ന്യൂനത പരിഹരിക്കേണ്ടതാണ്.

4.2016-17 സാമ്പത്തികവർഷംവരെ നിശ്ചിത തുകയ്ക്കുള്ള മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് എഴുതിയോ,ടൈപ്പ്ചെയ്തോ രേഖപ്പെടുത്തുകയും,മിക്കവയിലും ഒന്നും രണ്ടും കക്ഷികളും സാക്ഷികളും ഒപ്പ്വച്ച് നിയമവിധേയമാക്കിയിരുന്നു.എന്നാൽ 2017-18 നിശ്ചിത തുകയ്ക്കുള്ള മുദ്രപ്പത്രം അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടുണ്ടെങ്കിലും എഗ്രിമെന്റ് എഴുതിയോ,ടൈപ്പ്ചെയ്തോ രേഖപ്പെടുത്തുകയോ ഒന്നും രണ്ടും കക്ഷികളും സാക്ഷികളും ഒപ്പ് വച്ചതായും കാണുന്നില്ല.ഉദാഹരണം ചുവടെ-

(എ).ശ്രീമതി.ഉഷ,കുന്നുവിളവീട്,കുളപ്പുള്ളി.

(ബി). ശ്രീമതി.ജാനകി,പുല്ലാട്ടുപറമ്പിൽ,ഗണേശഗിരി.

(സി).ശ്രീമതി.ദീപിക.എസ്,അരുന്ധതിയിൽ,പരുത്തിപ്ര.

(ഡി).ശ്രീ.പുഷ്കരൻ.കെ.പരിയംതടംഹൗസ്,മഞ്ഞക്കാട്-ടിയാളുടെ അപേക്ഷയോടൊപ്പം ജാതി,വരുമാനം,ഉടമസ്ഥാവകാശം എന്നിവതെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളും, നഗരസഭയിൽനിന്നുള്ളസാക്ഷ്യപത്രവും അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടില്ല.മാത്രമല്ല അപേക്ഷയിലെ സത്യപ്രസ്താവനയിൽ ഗുണഭോക്താവും,പരിശോധനാ സാക്ഷ്യപത്രം എസ്.സി.ഡി.ഒ യും ഒപ്പിട്ടതായും കാണുന്നില്ല.

(ഇ).ദേവരാജൻ.കെ.പി,കണ്ടുകാട്ടുപറമ്പിൽ,കാരക്കാട്- അപേക്ഷയിലെ സത്യപ്രസ്താവനയിൽ ഗുണഭോക്താവും,പരിശോധനാ സാക്ഷ്യപത്രം എസ്.സി.ഡി.ഒ യും ഒപ്പിട്ടതായും കാണുന്നില്ല.

(എഫ്).ശ്രീമതി.സിനി.പി.എം,പുൽകുന്നിമഠത്തിൽഹൗസ്,കുളപ്പുള്ളി- അപേക്ഷയിലെ സത്യപ്രസ്താവനയിൽ ഗുണഭോക്താവും,പരിശോധനാ സാക്ഷ്യപത്രം എസ്.സി.ഡി.ഒ യും ഒപ്പിട്ടതായും കാണുന്നില്ല.

(ജി).ശ്രീ.ശങ്കരനാരായണൻ.കെ.പി,കാറാത്തുപറമ്പിൽ,ആറാണി- അപേക്ഷയിലെ സത്യപ്രസ്താവനയിൽ ഗുണഭോക്താവും,പരിശോധനാ സാക്ഷ്യപത്രം എസ്.സി.ഡി.ഒ യും ഒപ്പിട്ടതായും കാണുന്നില്ല.

(എച്ച്).കണ്ണൻ.എൻ.പി,നെച്ചിക്കോട്ട്പറമ്പിൽ,കവളപ്പാറ- അപേക്ഷയിലെ സത്യപ്രസ്താവനയിൽ ഗുണഭോക്താവും,പരിശോധനാ സാക്ഷ്യപത്രം എസ്.സി.ഡി.ഒ യും ഒപ്പിട്ടതായും കാണുന്നില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

5.ഗഡുക്കൾ അനുവദിക്കുന്നത് യഥാസമയം രജിസ്റ്ററിൽതീയതി സഹിതം രേഖപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്.ഓരോ സാമ്പത്തികവർഷവും അവസാനിക്കുമ്പോൾ അടുത്ത പേജിലായി പദ്ധതിനിർവ്വഹണം സംബന്ധിച്ച സംക്ഷിപ്തം രേഖപ്പെടുത്തി സൂക്ഷിക്കാനും നിർദ്ദേശിക്കുന്നു.യുസി അയച്ചിട്ടുണ്ട്

**2.ഭൂരഹിത പുനരധിവാസ പദ്ധതി.**

പരിശോധനാ കാലയളവിൽ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ധനസഹായം വിതരണംചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

| വർഷം. | ഗുണഭോക്താക്കളുടെ എണ്ണം. | അനുവദിച്ച തുക |
|---|---|---|
| 2011-12 | 13 | 22,75,000/- |
| 2012-13 | 36 | 62,75,000/- |
| 2013-14 | 18 | 36,00,000/- |
| 2014-15 | 11 | 48,45,000/- |
| 2015-16 | 16 | 72,00,000/- |
| 2016-17 | 11 | 49,50,000/- |

| | | |
|---|---|---|
| 2017-18 | 12 | 58,50,000/- |

അപേക്ഷകളുടെ പരിശോധനയിൽ പൊതുവായികണ്ട ന്യൂനതകൾ പരിഹരണത്തിനായി ശ്രദ്ധയിൽപ്പെടുത്തുന്നു.

1.പദ്ധതിപ്രകാരം ഗുണഭോക്താക്കൾ വാങ്ങിയിട്ടുള്ള ഭൂമിയുടെ രേഖകൾ അപേക്ഷയോടൊപ്പം വാങ്ങി സൂക്ഷിച്ചിട്ടില്ല.(ബാധ്യതാ സർട്ടിഫിക്കറ്റ്,കരംപറ്റ് രസീതിന്റെ കോപ്പി,കൈവശാവകാശ സർട്ടിഫിക്കറ്റ്,ലൊക്കേഷൻ സ്കെച്ച്).പദ്ധതി പ്രകാരം വാങ്ങുന്ന വസ്തു സംബന്ധിച്ച് ഗുണഭോക്താക്കൾക്ക് പിന്നീടുണ്ടാകാവുന്ന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് മേൽ രേഖകൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

2.കരാർ ഉടമ്പടി എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും എസ്.സി.ഡി.ഒ ഒപ്പിട്ട് കരാർ നിയമവിധേയമാക്കിയിട്ടില്ല.

3.ഗുണഭോക്തൃരജിസ്റ്റർ പരിപാലിച്ചിട്ടുണ്ടെങ്കിലും തുക ട്രഷറിയിൽനിന്നും പിൻവലിച്ച ബിൽനമ്പർ തുക പിൻവലിച്ച തീയതി വിതരണംചെയ്ത തീയതി എന്നിവ കൂടി രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

4.വിനിയോഗസർട്ടിഫിക്കറ്റ് ഏ.ജി ക്ക് സമർപ്പിച്ചതുസംബന്ധിച്ച വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2014-15 വർഷം പാലക്കാട് ജില്ലാ പട്ടികജാതിവികസന ഓഫീസറുടെ 25-08-2014 ലിലെ എൽ/11327/14 വിജ്ഞാപനപ്രകാരം ഭൂരഹിത പുനരധിവാസ പദ്ധതിയുടെ അപേക്ഷ ക്ഷണിച്ചതിൽ അപേക്ഷകരുടെ ഉയർന്ന പ്രായപരിധി 60 വയസ്സാണെന്ന് അറിയിച്ചിരുന്നു.55 വയസ്സിൽനിന്നും 60 വയസ്സാക്കിയതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

2014-15 വർഷത്തെ ഗുണഭോക്താവായ ശ്രീമതി .അജിത ,മന്നത്തംമാരി,പരിത്തിപ്ര, ഷൊർണ്ണൂർ എന്ന ഗുണഭോക്താവ് വാങ്ങിയ ശ്രീ.എൻ.കെ നാരായണൻ,നടുനിൽവീട്ടിൽ,ഗണേശഗിരി എന്നയാളിന്റെ ഷൊർണ്ണൂർ 2 വില്ലേജിലെ 47/6 സർവ്വേനമ്പരിലുള്ള വസ്തുവിന്റെ ബാധ്യതാ സർട്ടിഫിക്കറ്റ് പ്രകാരം പി.578-ാം നമ്പർ സഹകരണബാങ്കിൽ 3,00,000/- രൂപക്ക് പണയപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.ബാധ്യത ഒഴിവാക്കിയതുസംബന്ധിച്ച സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടില്ല.ബാദ്ധ്യതാരഹിതസർട്ടിഫിക്കറ്റ് വാങ്ങിസൂക്ഷിക്കാതെ വസ്തുവാങ്ങുന്നതിന് നടപടി സ്വീകരിച്ചതു സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

2014-15 വർഷം ധനസഹായതുക 4,50,000/- രുപ(നഗരസഭ) യായി വർദ്ധിപ്പിച്ചപ്പോൾ വാങ്ങുന്ന വസ്തുവിലേക്ക് സ്വതന്ത്ര സഞ്ചാരസ്വാതന്ത്ര്യത്തോടുകൂടിയ വഴിസൗകര്യം ഉണ്ടാകണമെന്നും ആയത് ആധാരത്തിൽ വ്യവസ്ഥചെയ്യണമെന്നും നിർദ്ദേശിച്ചിരുന്നു.എന്നാൽ മിക്ക ആധാരങ്ങളിലും ടി വ്യവസ്ഥ പാലിച്ചിട്ടുള്ളതായി കാണുന്നില്ല.കാരണം വിശദീകരിക്കേണ്ടതാണ്.

2017-18 വർഷം ധനസഹായം അനുവദിച്ച ബിജോയി.ജി,S/O കെ.കെ.ഗോപാലൻ,കൂളത്ത് വീട്,പാറൻസ് ലൈൻ,ഷൊർണ്ണൂർ എന്നയാളിന്റെ ഷൊർണ്ണൂർ നഗരസഭയുടെ വാർഡ്

സഭാ ലിസ്റ്റിലെ പേര് അജോയി.ബി എന്നാണ് ചേർത്തിട്ടുള്ളത് .ലിസ്റ്റിലെ പേര് ക്രമപ്പെടുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3.ദുർബലവിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി.

2016-17

ജില്ലാപട്ടികജാതിവികസന ഓഫീസറുടെ 31-01-2017 ലെ ജി.13053/16 നമ്പർ ഉത്തരവ് പ്രകാരം 1 ഗുണഭോക്താവിന് ഭൂമി വാങ്ങുന്നതിന് 4,50,000/- രൂപ അനുവദിച്ചു.വിനിയോഗ സർട്ടിഫിക്കറ്റ് ഏ.ജി ക്ക് അയച്ച് വിവരം റിപ്പോർട്ടുചെയ്യേണ്ടതാണ്.

2017-18

പി.മനോജ്,പന്തലാട്ടുപറമ്പിൽ,194,കുളപ്പള്ളി എന്ന ഗുണഭോക്താവിന് ~~ഗുണഭോക്താവിന്~~ ഭൂമി വാങ്ങുന്നതിന് 4,50,000/- അനുവദിച്ചു.ധനസഹായം അനുവദിച്ചതുസംബന്ധിച്ച സാധൂകരണ ഉത്തരവ് ജില്ലാപട്ടികജാതിവികസന ഓഫീസറിൽനിന്നും ലഭ്യമാക്കി റിപ്പോർട്ടുചെയ്യേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് ഏ.ജി ക്ക് അയച്ച് വിവരം റിപ്പോർട്ടുചെയ്യേണ്ടതുമാണ്.

2017-18 വർഷം ശ്രീമതി ദീപിക,അരുന്ധതിയിൽ വീട്,പരുത്തിപ്പാറ എന്ന ഗുണഭോക്താവിന് ഭവനനിർമ്മാണധനസഹായമായി 4,00,000/-രൂപ അനുവദിച്ച് ആയതിന്റെ ഒന്നാം ഗഡു തുക വിതരണംചെയ്തിട്ടുണ്ട്.ഭവനനിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ടുചെയ്യേണ്ടതുമാണ്.

## 4.ചികിത്സാധനസഹായം.

. പരിശോധനാ കാലയളവിൽ ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2011-12 | 13 | 76,500/- |
| 2012-13 | 10 | 89,000/- |
| 2013-14 | 11 | 1,57,000/- |
| 2014-15 | 10 | 2,56,000/- |
| 2015-16 | 19 | 7,45,000/- |
| 2016-17 | 29 | 45,000/- |
| 2017-18 | 38 | 8,78,000/- |

2013-14 ന് ശേഷം വിനിയോഗസർട്ടിഫിക്കറ്റ് അയച്ചതായി കാണുന്നില്ല.2017-18 സാമ്പത്തികവർഷംമുതൽ ധനസഹായം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട്വഴി നൽകു

ന്നതിനാൽ ആയതിന്റെ Credit Confirmation Data Bims ൽ നിന്നും എടുത്ത് രജിസ്റ്ററിൽ പതിച്ച് സൂക്ഷിക്കേണ്ടതും ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 5.പഠനമുറി നിർമ്മാണം.

ജില്ലാപട്ടികജാതിവികസന ഓഫീസറുടെ 22-03-2018 ലെ എൽ.6467/17 നം.ഉത്തരവ് പ്രകാരം 18 പേർക്ക്ധനസഹായം അനുവദിച്ചു.നിലവിൽ ആരുംതന്നെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.നിർമ്മാണത്തിന്റെ പുരോഗതി ചുവടെ ചേർക്കുംപ്രകാരമാണ്.

| ഗഡുക്കൾ | എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| രണ്ടാം ഗഡു | 10 | 9,00,000/- |
| മൂന്നാം ഗഡു | 8 | 13,60,000/ |
| **ആകെ.** | 18 | **22,60,000/-** |

ഗുണഭോക്തൃരജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്.കരാർഉടമ്പടികൾ എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഗുണഭോക്താക്കളായ

1.കുമാരി.ശാരിക.ടി,തച്ചൂത്ത്,കുളപ്പുള്ളി,

1.അശ്വിൻകൃഷ്ണ.കെ .എസ്.കരൂർപറമ്പിൽ,പരുത്തിപ്ര-എന്നിവരുടെ അപേക്ഷയിൽ വിദ്യാർത്ഥിയും രക്ഷകത്താവും ഒപ്പുവച്ചിട്ടില്ല.ചില അപേക്ഷകൾ പൂർണ്ണമായും പൂരിപ്പിച്ചിട്ടുള്ളതായി കാണുന്നില്ല.ഇത്തരം ന്യൂനതകൾ ആവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതും മേൽ ന്യൂനതകൾ പരിഹരിക്കേണ്ടതും പദ്ധതി പൂർത്തീകരണംസംബന്ധിച്ച് ഓഡിറ്റിന് റിപ്പോർട്ടുചെയ്യേണ്ടതുമാണ്.

## 6.ടോയിലറ്റ് നിർമ്മാണം.

ടോയിലറ്റ് നിർമ്മാണപദ്ധതി പ്രകാരം ധനസഹായം വിതരണംചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

| വർഷം | അനുവദിച്ച എണ്ണം | പൂർത്തീകരിച്ചത് | പൂർത്തീകരിക്കാനുള്ളത്. | ചെലവഴിച്ച തുക | പൂർത്തീകരിക്കാനുള്ള വർക്ക് ചെലവഴിച്ച തുക |
|---|---|---|---|---|---|
| 2012-13 | 70 | 70 | -- | 17,50,000/- | -- |
| 2013-14 | 75 | 75 | -- | 18,75,000/- | -- |
| 2014-15 | 50 | 50 | -- | 12,50,000/- | -- |
| 2015-16 | 50 | 32 | 18 | 8,00,000/- | 2,25,000/- |

പൂർത്തീകരിച്ചതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ഏ.ജി ക്ക് അയച്ച് വിവരം റിപ്പോർട്ടുചെയ്യേണ്ടതാണ്.

2015-16 വർഷം അനുവദിച്ച 50 എണ്ണത്തിൽ 18 എണ്ണം പൂർത്തീകരിക്കാനുണ്ട് .ആയതിലേക്കായി 2,25,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.ഇവയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി പണം കണ്ടെത്തുന്നതിന് നഗരസഭയുമായി ബന്ധപ്പെട്ട് പദ്ധതി തയ്യാറാക്കേണ്ടതും വിവരം റിപ്പോർട്ടുചെയ്യേണ്ടതാണ്.

## 7.ഭവന പുനരുദ്ധാരണ പദ്ധതി.

2013-14മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ടാർജറ്റ് | പൂർത്തിയാക്കിയവർ | ശേഷിക്കുന്നവർ |
|---|---|---|---|
| 2013-14 | 24 | 24 | -- |
| 2014-15 | 33 | 30 | 3 |
| 2015-16 | 29 | 28 | 1 |
| 2016-17 | 19 | 18 | 1 |

2014-15 3 ഉം, 2015-16, 2016-17 വർഷങ്ങളിലെ ഓരോന്നും ഉൾപ്പെടെ ആകെ 5 വീടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാനുണ്ട്.ഈ ഇനത്തിൽ 1,25,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇവയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി പണം കണ്ടെത്തുന്നതിന് നഗരസഭയുമായി ബന്ധപ്പെട്ട് പദ്ധതി തയ്യാറാക്കേണ്ടതും വിവരം റിപ്പോർട്ടുചെയ്യേണ്ടതാണ്.

## 8.സ്വയംതൊഴിൽ പദ്ധതി.

2011-12

ജില്ലാപട്ടികജാതിവികസന ഓഫീസറുടെ സി.1771/10 തീയതി 13-12-11, സി.299/11 തീയതി 30-12-11 എന്നീ ഉത്തരവുകൾ പ്രകാരം 3 ഗുണഭോക്താക്കൾക്ക് 1,99,667/- രൂപ സബ്സിഡി ഇനത്തിൽ വിതരണംചെയ്തിട്ടുണ്ട്.

2012-13

ജില്ലാപട്ടികജാതിവികസന ഓഫീസറുടെ04-03-2013 ലെ സി.4789/12,07-03-2013 ലെ സി.8116/12,18-03-2013 ലെ സി.9674/11 എന്നീ ഉത്തരവുകൾ പ്രകാരം 3 ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ 2,68,217/- രൂപ വിതരണംചെയ്തിട്ടുണ്ട്.എസ്.സി.ഡി.ഒ രജിസ്റ്റർ സാക്ഷ്യപ്പെടുത്തേണ്ടതും വിനിയോഗസർട്ടിഫിക്കറ്റ് സമർപ്പിച്ചതുസംബന്ധിച്ചവിവരവും വിതരണംചെയ്ത ഡി.ഡി കളുടെ വിവരവും രജിസ്റ്ററിൽ ചേർത്ത് ന്യൂനത പരിഹരിക്കേണ്ടതാണ്.

2013-14.

ജില്ലാപട്ടികജാതിവികസന ഓഫീസറുടെ11-09-2013 ലെ സി.23170/12, സി.5451/12, 19-01-2014ലെ സി.2563/14 ,24-01-2014 ലെ സി.24867/12,20-02-2014 ലെ സി.5919/12 എന്നീ ഉത്തരവുകൾ പ്രകാരം 5 ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ 3,12,001/- രൂപ വിതരണംചെയ്തിട്ടുണ്ട്.

2014-15

ജില്ലാപട്ടികജാതിവികസന ഓഫീസറുടെ 07-03-2015 ,18-03-2015 തീയതികളിലെ സി.11216/14 ഉത്തരവുകൾ പ്രകാരം 2 ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ 2,60,000/- രൂപ വിതരണംചെയ്തിട്ടുണ്ട്.

2015-16

ജില്ലാപട്ടികജാതിവികസന ഓഫീസറുടെ 25-03-2016 ,06-01-2016 തീയതികളിലെ സി.11216/14 ഉത്തരവുകൾ പ്രകാരം 2 ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ 79,500/- രൂപ വിതരണംചെയ്തിട്ടുണ്ട്.

2016-17.

ജില്ലാപട്ടികജാതിവികസന ഓഫീസറുടെ 17-09-2016 ,20-03-2017 തീയതികളിലെ സി.16953/16 ഉത്തരവുകൾ പ്രകാരം 2 ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ 1,98,865/- രൂപ വിതരണംചെയ്തിട്ടുണ്ട്.

2017-18

ജില്ലാപട്ടികജാതിവികസന ഓഫീസറുടെ 06-11-2017 തീയതിയിലെ സി.19333/17 ഉത്തരവുകൾ പ്രകാരം 2 ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ 1,81,600/- രൂപ വിതരണം ചെയ്തിട്ടുണ്ട്.തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത്, വിനിയോഗ സർട്ടിഫിക്കറ്റ് ഏ.ജി ക്ക് അയച്ച് വിവരം റിപ്പോർട്ടുചെയ്യേണ്ടതാണ്.

ഗുണഭോക്താക്കൾക്കനുവദിക്കുന്ന സബ്സിഡി തുക ബാങ്കുകൾക്ക് നേരിട്ടുനൽകി ഗുണഭോക്താക്കളുടെ വായ്പ അക്കൗണ്ടിൽ ~~ബാക്ക് എന്റ്~~ സബ്സിഡിയായി സൂക്ഷിച്ച് ഗുണഭോക്താവ് വായ്പാതുക ക്രമമായി അടച്ച് സബ്സിഡി തുകകൂടി ചേർക്കുമ്പോൾ വായ്പകണക്ക് അവസാനിപ്പിക്കാവുന്ന ഘട്ടം എത്തുമ്പോൾ വായ്പകണക്ക് അവസാനിപ്പിക്കണമെന്നാണ് പദ്ധതി നിർദ്ദേശിക്കുന്നത്.എന്നാൽ സബ്സിഡി തുക ഗുണഭോക്താക്കളുടെ വായ്പാകണക്കിൽ വരവുവയ്ക്കുന്നതിനായി ബാങ്കുകൾക്ക് നേരിട്ടുനൽകാതെ മറ്റ് ധനസഹായ പദ്ധതികളെപ്പോലെ ഡി.ഡി.രജിസ്റ്ററിൽചേർത്ത് ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയിട്ടുള്ളതായി കാണുന്നു.ഇത് ക്രമപ്രകാരമല്ലെന്ന് അഭിപ്രായപ്പെടുന്നു.പദ്ധതിനിർദ്ദേശങ്ങൾക്കനുസൃതമല്ലാതെ പദ്ധതിനടപ്പാക്കിയതുസംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.ക്രമപ്രകാരമല്ലാതെ നൽകിയ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താവിന്റെ പേര് | പദ്ധതി | വായ്പാ തുക | സബ്സിഡി തുക | വായ്പ അനുവദിച്ച ബാങ്ക് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2012-13 | കെ.കൃഷ്ണദാസൻ, ശാന്തനിവാസ്,മെറ്റിന്റ് നഗർ,ഷൊർണ്ണൂർ | ഓട്ടോമൊബൈൽ സ്പെയർ പാർട്ട്സ് ഷോപ്പ് | 3,00,000/- | 1,00,000/- | എസ്.ബി.റ്റി ഷൊർണ്ണൂർ |
| | പി.ആർ പ്രവീൺ, വേണു നിവാസ്, ഷൊർണ്ണൂർ | സ്പോർട്ട്സ് സാധന ങ്ങൾ വിൽക്കുന്ന സ്ഥാപനം | 3,00,000/- | 1,00,000/- | എസ്.ബി.റ്റി ഷൊർണ്ണൂർ |
| | ശ്രീ.ബാലചന്ദ്രൻ, ചോലയ്ക്കാപറമ്പ് വീട്,പരിത്തിപ്ര. | ഓട്ടോറിക്ഷ | 2,04,650/- | 68,217/- | കാതലിക് സിറിയൻ ബാങ്ക്.ഷൊർ ണ്ണൂർ |
| 2013-14 | ശ്രീ.സുരേഷ്.ബി,ബം ഗ്ലാവ് തൊടിഹൗസ്, ഗവ:പ്രസ്.പി.ഒ, ഷൊർണ്ണൂർ | ഓട്ടോറിക്ഷ. | 2,00,000/- | 66,666/- | എസ്.ബി.റ്റി ഷൊർണ്ണൂർ |
| | ശ്രീ.മണികണ്ഠൻ, പാറേക്കളത്തിൽ,കല്ലി പ്പാടം,ഷൊർണ്ണൂർ | ഓട്ടോറിക്ഷ | 1,96,000/- | 65,333/- | ഐ.ഒ.ബി.ഷൊർണ്ണൂർ |
| | ശ്രീ.സുധീർ,കോക്കി രിപ്പറമ്പിൽ,മുണ്ടമുക, ഗണേശഗിരി | ഓട്ടോറിക്ഷ | 1,90,000/- | 63,335/- | എസ്.ബി.ഐ ഷൊർണ്ണൂർ |
| | ശ്രീമതി.റീന.എ,പാറ കുന്നത്ത്,മണക്കാട്, ഷൊർണൂർ | റഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റ്. | 1,25,000/- | 41,667/- | എസ്.ബി.ഐ ഷൊർണ്ണൂർ |
| | ശ്രീമതി.അമൃത.എ,അ യ്യപ്പൻഅരികിൽവീട്, കുളപ്പുള്ളി, ഷൊർണ്ണൂർ | ഡിജിറ്റൽ സ്റ്റുഡിയൊ | 2,25,000/- | 75,000/- | എസ്.ബി.ഐ ഷൊർണ്ണൂർ |
| 2014-15 | ശ്രീമതി.ജ്യോതി.പി. ആർ,പര്യാന്തടത്തിൽ വീട്,കുന്നത്താഴത്ത്, ഷൊർണ്ണൂർ. | ടൈലറിംഗ്&ക്ലോത്ത് യൂണിറ്റ് | 1,80,000/- | 60,000/- | എസ്.ബി.ഐ ഷൊർണ്ണൂർ |
| | ശ്രീ.ബാബുരാജ്,മുടി ഞ്ഞാറിപ്പറമ്പിൽ,പരി ത്തിപ്ര,ഷൊർണ്ണൂർ | റഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റ്. | 96,000/- | 32,000/- | കാനറ ബാങ്ക് കുളപ്പുള്ളി |
| | ശ്രീമതി.പ്രഭാവതി. എം,മാറിയതൊടി,ക യില്യാട്.പി.ഒ, ഷൊർണ്ണൂർ | ഫോട്ടോസ്റ്റാറ്റ് യൂണിറ്റ്. | 1,42,500/- | 47,500/- | കാനറ ബാങ്ക് കുളപ്പുള്ളി |

ബാങ്കുകളുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ വായ്പ തിരിച്ചടവ് സംബന്ധിച്ച വിവ രങ്ങളും പ്രോജക്ടുകളുടെ നിലവിലെ അവസ്ഥയും റിപ്പോർട്ടുചെയ്യേണ്ടതാണ്.

9.വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള ധനസഹായം.

2015-16 .

ജില്ലാപട്ടികജാതിവികസന ഓഫീസറുടെ 02-03-2016 ലെ സി.1037/15 ഉത്തരവുകൾ പ്രകാരം 3 ഗുണഭോക്താക്കൾക്ക് ധനസഹായത്തിന്റെ ഒന്നാം ഗഡു തുകയായി 30,000/- രൂപ ക്രമത്തിൽ വിതരണംചെയ്ത ഇനത്തിൽ ആകെ 90,000/- രൂപ ചെലവഴിച്ചതായി കാണുന്നു.

2016-17

ജില്ലാപട്ടികജാതിവികസന ഓഫീസറുടെ സി.16730/16 ഉത്തരവു പ്രകാരം 2 ഗുണഭോക്താക്കൾക്ക് ധനസഹായത്തിന്റെ ഒന്നാം ഗഡു തുകയായി 30,000/- രൂപ ക്രമത്തിൽ 60,000/- രൂപയും 2 ഗുണഭോക്താക്കൾക്ക് 20,000/- രൂപ ക്രമത്തിൽ രണ്ടാം ഗഡു തുകയായി 40,000/- രൂപയും ഉൾപ്പെടെ ആകെ 1,00,000/- രൂപ ചെലവഴിച്ചതായി കാണുന്നു.

2017-18

ജില്ലാപട്ടികജാതിവികസന ഓഫീസറുടെ 29-06-2017 തീയതിയിലെ സി.17744/17 ഉത്തരവു പ്രകാരം 1 ഗുണഭോക്താവിന് ഒന്നാം ഗഡു തുകയായി 30,000/- രൂപ യും 1 ഗുണഭോക്താവിന് രണ്ടാം ഗഡു തുകയായി 20,000/- രൂപയും ഉൾപ്പെടെ ആകെ 50,000/- രൂപവിതരണംചെയ്തതായി കാണുന്നു.

2015-16 വർഷം ഒന്നാം ഗഡുതുക (30,000/-)കൈപ്പറ്റിയ -

1.ശ്രീ.അനിൽകുമാർ,വലിയപറമ്പിൽ,പരിത്തിപ്ര,ഷൊർണ്ണൂർ.

2.ശ്രീ.സുനിൽ.വി,വടക്കൻമാരിൽ ഹൗസ്,ഗണേശഗിരി,ഷൊർണ്ണൂർ-എന്നീ ഗുണഭോക്താക്കൾ പദ്ധതി നിർദ്ദേശപ്രകാരമുള്ള രേഖകൾ സമർപ്പിച്ച് രണ്ടാം ഗഡു തുക കൈപ്പറ്റിയിട്ടില്ല. രേഖകൾ സമർപ്പിച്ച് രണ്ടാം ഗഡു തുക കൈപ്പറ്റുവാൻ നിർദ്ദേശിക്കേണ്ടതും അല്ലാത്തപക്ഷം കൈപ്പറ്റിയതുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

2017-18 വർഷം ധനസഹായം അനുവദിച്ച ശ്രീ.സുരേഷ്കുമാർ കെ.പി,കല്ലുരുട്ടിപ്പറമ്പിൽ, കുളപ്പുള്ളി എന്ന ഗുണഭോക്താവിന് ധനസഹായത്തിന്റെ ഒന്നാം ഗഡു തുകയായി 30,000/- രൂപ ടിയാന്റെ ബാങ്ക് അക്കൗണ്ടിൽ 29-07-2017 ൽ നൽകിയതായി കാണുന്നു. രേഖകൾ സമർപ്പിച്ച് രണ്ടാം ഗഡു തുക കൈപ്പറ്റുവാൻ നിർദ്ദേശിക്കേണ്ടതും അല്ലാത്തപക്ഷം കൈപ്പറ്റിയതുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

നിലവിൽ പദ്ധതി ധനസഹായം വിതരണംചെയ്യുന്ന അക്വിറ്റൻസ് മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്.നിർദ്ദിഷ്ഠ ഗുണഭോക്തൃരജിസ്റ്റർ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി തയ്യാറാക്കി എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.ഗുണഭോക്താക്കളുടെ കരാർ ഉടമ്പടി എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും എസ്.സി.ഡി.ഒ ഒപ്പിട്ട് കരാർ നിയമവിധേയമാക്കിയിട്ടില്ല.മേൽ ന്യൂനതകൾ പരിഹരിച്ച് വിനിയോഗസർട്ടിഫിക്കറ്റ് എ.ജി ക്ക് സമർപ്പിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 10.മിശ്രവിവാഹധനസഹായം

2011-12 വർഷംമുതൽ 2017-18 വർഷംവരെ മിശ്രവിവാഹധനസഹായപദ്ധതിപ്രാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2011-12 | 10 | 4,40,000/- (20,000x2, 50,000x8) |
| 2012-13 | 1 | 50,000/- |
| 2013-14 | ഇല്ല | ഇല്ല |
| 2014-15 | 6 | 3,00,000/- |
| 2015-16 | 6 | 3,00,000/- |
| 2016-17 | 2 | 1,00,000/- |
| 2017-18 | 3 | 1,75,000/-(50,000x2, 75,000x1) |

2. 2000-01 മുതലുള്ള രജിസ്റ്ററിലാണ് 2011-12 വരെയുള്ള രേഖപ്പെടുത്തലുകൾ.ഈ രജിസ്റ്റർ പേജ്നമ്പർഇട്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല.2011-12 വരെ പ്രത്യേക രജിസ്റ്റർ മിശ്രവിവാഹധനസഹായത്തിനായി പരിപാലിച്ചിട്ടില്ല.2012-13 മുതൽ വകുപ്പിൽനിന്നും പ്രിന്റ്ചെയ്ത് നൽകിയ രജിസ്റ്ററിൽ ഗുണഭോക്തൃവിവരം രേഖപ്പെടുത്തിസൂക്ഷിക്കുന്നുണ്ട്. ഓരോ സാമ്പത്തികവർഷവും അവസാനിക്കുമ്പോൾ അടുത്ത പേജിലായി മിശ്രവിവാഹധനസഹായപദ്ധതിനിർവ്വണം സംബന്ധിച്ച സംക്ഷിപ്തം രേഖപ്പെടുത്തി സൂക്ഷിക്കാനും നിർദ്ദേശിക്കുന്നു.

3. ഓരോ വർഷത്തേയും അപേക്ഷകളും അനുബന്ധരേഖകളും ക്രമമായി ഫയലിൽസൂക്ഷിക്കുന്നതായി കാണുന്നു. ഫയലുകളും തൃപ്തികരമായി പരിപാലിക്കുന്നുണ്ട്.

4.ധാരാളം വിവാഹ സർട്ടിഫിക്കറ്റുകൾ(ഒർജിനൽ) അപേക്ഷകളോടൊപ്പം കാണുകയുണ്ടായി. ഇവ മടക്കിനല്കി വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്. ഉദാ-:

(എ).രാമകൃഷ്ണൻ&പ്രിയ,പുളിമ്പാലത്ത്,കണയം.-2011-12

(ബി).രജനീഷ്.യു.എ&സുധ.സി.കെ,ഉള്ളനൂർആശാരിപ്പുരക്കൽ,തൃത്താല.പി.ഒ-ടി ഗുണഭോക്താക്കൾ ഒർജിനൽ വിവാഹ സർട്ടിഫിക്കറ്റ് തിരികെ ലഭിക്കുന്നതിനായി 18-09-2014 ൽ കത്ത് ൽകിയായും കാണുന്നു.എന്നാൽ ഇതിൻമേൽ ഒരുനടപടിയും സ്വീകരിച്ചതായി കാണുന്നില്ല-2011-12

(സി).മണികണ്ഠൻ.പി.കെ&ആശമോൾ.എസ്-2011-12.

(ഡി).ബിനേഷ്.എം.കെ&ദിവ്യാ.കെ,മുടിഞ്ഞാടിപ്പറമ്പിൽ,പരുത്തിപ്ര-2014-15. ഒർജിനൽ വിവാഹ സർട്ടിഫിക്കറ്റ്കൾ തിരികെനൽകി വിവരം റിപ്പോർട്ടുചെയ്യേണ്ടതാണ്.

5.അനുവദിച്ച ധനസഹായം വകമാറ്റി ചെലവഴിച്ചതായി കാണുന്നു.ഉദാ:-

(എ).ശ്രീ.സന്തോഷ്&ശ്രീമതി.ജ്യോതി,കാർത്തികനിവാസ്,കോഴിശ്ശേരിലൈൻ,ഗണേശഗിരി-ധനസഹായം അനുവദിച്ചത് പശുവളർത്തലിന്.വിനിയോഗിച്ചത് മരപ്പണിക്കുള്ള ഉപകരണങ്ങൾവാങ്ങുന്നതിന്.ഇക്കാര്യത്തിൽ മേലാഫീസിൽനിന്നും സാധുകരണ ഉത്തരവ് വാങ്ങി വിവരം അിറയിക്കേണ്ടതാണ്.

6.ഓട്ടോറിക്ഷാവാങ്ങുന്നതിനായി ധനസഹായം അനുവദിച്ച ചുവടെപറയുന്നവർ ഓട്ടോറിക്ഷാവാങ്ങി സ്വന്തംപേരിലാക്കിയതിന്റെ രേഖകൾ ഹാജരാക്കിയതായി കാണുന്നില്ല.ഉദാ:-

(എ)ശ്രീമതി.സജിന.പി&ശ്രീ.രാജുശങ്കർ,പാലക്കപ്പറമ്പ്,കണയം-2016-17.

(ബി).ശ്രീമതി.ലാവണ്യ.കെ.ടി&ശ്രീ.ബാലസുബ്രഹ്മണ്യൻ,കൈപ്പംകുന്നത്ത്,കുളപ്പുള്ളി 2016-17.ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

## 11.വിവാഹധനസഹായം.

1. 2011-12 വർഷം മുതൽ 2017-18 വർഷംവരെ വിവാഹധനസഹായപദ്ധതിപ്രാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2011-12 | -- | -- |
| 2012-13 | -- | -- |
| 2013-14 | 1 | 50,000/- |
| 2014-15 | -- | -- |
| 2015-16 | -- | -- |
| 2016-17 | 17 | 8,50,000/- |
| 2017-18 | 3 | 1,75,000/- |

പരിശോധനാകാലയളവിൽ 2013-14,2016-17,2017-18 വർഷങ്ങളിൽമാത്രമാണ് വകുപ്പിൽനിന്നും വിവാഹധനസഹായം അനുവദിച്ചിട്ടുള്ളത്.മറ്റ്വർഷങ്ങളിൽ നഗരസഭയുടെ പദ്ധതിപ്രകാരമാണ് വിവാഹധനസഹായം വിതരണം ചെയ്തിട്ടുള്ളത്.2013- 14 വർഷം മുതൽ വകുപ്പിൽനിന്നും നൽകിയ ഗുണഭോക്തൃരജിസ്റ്റർ പരിപാലിക്കുന്നുണ്ട് എങ്കിലും എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തുന്നില്ല.ന്യൂനത പരിഹരിക്കേണ്ടതാണ്.. ഗുണഭോക്തൃരജിസ്റ്ററിൽ തുകമാറിയ ബില്ലിന്റെ വിവരങ്ങൾകൂടി ഉൾപ്പെടുത്താൻ നിർദ്ദേശിക്കുന്നു.

## 12.സാമൂഹ്യ ഐക്യ ദാർഢ്യ പക്ഷാചരണം.

2011-12.

സാമൂഹ്യ ഐക്യ ദാർഢ്യ പക്ഷാചരണത്തിന് ജില്ലാപട്ടികജാതിവികസന ഓഫീസറുടെ 26-09-2011 ലെ ജി.6483/11(2) ഉത്തരവ് പ്രകാരം 4500/-രൂപ അനുവദിച്ചിരുന്നു.തുക മുൻകൂറായി മാറി പക്ഷാചരണപരിപാടിക്കായി പൂർണ്ണമായി ചെലവഴിക്കുകയും ആയത് ക്രമീകരിക്കുകയും ഏ.ജി ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.മറ്റ് പരാമർശങ്ങൾ ഇല്ല.

2012-13,2013-14,2014-15 വർഷങ്ങളിലെ പക്ഷാചരണത്തിന്റെ ഭാഗമായി പാലക്കാട് മെഡികെയേഴ്സ് എന്ന സ്ഥാപനം മെഡിക്കൽക്യാമ്പുകൾ സംഘടിപ്പിച്ചിരുന്നു.ഇതിന് വകുപ്പിൽന്നും തുക ഒന്നുംതന്നെ ചെലവഴിച്ചതായി കാണുന്നില്ല.

പാർട്ട് ~~II (എ)~~ IV

## വിദ്യാഭ്യാസ പദ്ധതികൾ.

### 1.ലംപ്സംഗ്രാന്റ്-

ഷൊർണ്ണൂർ നഗരസഭയിൽ 9 എൽ.പി.എസ് ഉം,5 യു.പി,എസ്.ഉം,4 എച്ച്.എസ്.ഉം ഉൾപ്പെടെ ആകെ 19 സ്കൂളുകളാണുള്ളത്.ടി സ്കൂളുകളിൽ പരിശോധനാകാലയളവിൽ ലംപ്സംഗ്രാന്റ് വിതരണംചെയ്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വിഭാഗം | സ്കൂളുകളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | | | അനുവദിച്ച തുക | തിരിച്ചടച്ച തുക |
|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | | |
| **2011-12** | S.C | 19 | 501 | 541 | 1042 | 2,73,525/- | 32,150/- |
| | O.E.C | 10 | 29 | 52 | 81 | 21,370/- | 3050/- |
| **2012-13** | S.C | 19 | 457 | 519 | 976 | 6,65,700/- | 1,82,200/- |
| | O.E.C | 6 | 38 | 52 | 90 | 42,250/- | 2250/- |
| 2013-14 | S.C | 19 | 421 | 476 | 897 | 4,67,125/- | 16,125/- |
| | O.E.C | 8 | 39 | 49 | 88 | 48,500/- | 7750/- |
| 2014-15 | S.C | 19 | 432 | 500 | 932 | 4,99,100/- | 38,600/- |
| | O.E.C | 9 | 39 | 53 | 92 | 49,000/- | 3500/- |
| 2015-16 | S.C | 18 | 396 | 485 | 881 | 4,74,750/- | 22,725/- |
| | O.E.C | -- | -- | -- | | -- | -- |
| 2016-17 | S.C | 18 | 386 | 476 | 862 | 5,78,370/- | 26,950/- |
| | O.E.C | -- | -- | -- | | -- | -- |
| 2017-18 | S.C | 18 | 359 | 457 | 816 | 4,83,260/- | 15,140/- |

2011-12,2012-13 സാമ്പത്തികവർഷംവരെ ലംപ്സംഗ്രാന്റ് വിതരണ സംക്ഷിപ്തം രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നു.ശേഷം ഇപ്രകാരം ചെയ്തതായി കാണുന്നില്ല.സ്കൂൾ മേധാവികളിൽനിന്നും അക്വിറ്റൻസ് ക്രമപ്രകാരംവാങ്ങി വിവരം സ്റ്റൈപ്പന്റ് ഓഡിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല.ന്യൂനത പരിഹരിക്കേണ്ടതാണ്.

9.പ്രത്യേക പ്രോത്സാഹന സമ്മാനം

2011-12 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2011-12 | 23 | 25,750/- |
| 2012-13 | 34 | 42,000/- |
| 2013-14 | 31 | 37,500/- |
| 2014-15 | 46 | 1,28,500/- |
| 2015-16 | 56 | 1,45,500/- |
| 2016-17 | 55 | 1,31,500/- |
| 2017-18 | 91 | 2,12,000/- |

2017-18 വർഷംമുതൽ പദ്ധതിക്കായി പ്രത്യേകം രജിസ്റ്റർ തൃപ്തികരമായി പരിപാലിച്ചുവരുന്നു.അപേക്ഷകളും അനുബന്ധരേഖകളും നല്ല നിലയിൽ സൂക്ഷിക്കുന്നുണ്ട്. ഓരോ വർഷവും ധനസഹായം അനുവദിക്കുന്ന വിദ്യാർത്ഥികളുടെ കോഴ്സ് തിരിച്ചുള്ള വിവരം അനുവദിച്ച തുക എന്നിവ രജിസ്റ്ററിൽ അബ്സ്ട്രാക്ടായി എഴുതി ചേർക്കാൻ നിർദ്ദേശിക്കുന്നു. യു.സി അയച്ചതിന്റെ വിവരങ്ങൾ രജിസ്റ്ററിൽരേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. മറ്റ് പരാമർശങ്ങളില്ല.

2.പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്.

2014-15, മുതൽ 2017-18 വർഷങ്ങളിൽ പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി പ്രകാരം ധനസഹായം നല്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2014-15 | 275 | 5,50,000/- |
| 2015-16 | 269 | 5,38,000/- |
| 2016-17 | 279 | 5,58,000/- |
| 2017-18 | 302 | 6,04,000/- |

പ്രൈമറി എഡ്യൂക്കേഷൻ എയ്ഡിന് പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല.2017-18 വർഷം യു.സി അയച്ചതായി കാണുന്നില്ല.മറ്റുവർഷങ്ങളിൽ യു.സി.അയച്ചിട്ടുണ്ട്.അക്വിറ്റൻസുകൾ,വൗച്ചറുകൾ എന്നിവ സ്കൂളുകളിൽനിന്നും വാങ്ങി ക്രമമായി സൂക്ഷിച്ചിട്ടുണ്ട്.2017-18 വർഷത്തെ വിനിയോഗസർട്ടിഫിക്കറ്റ് അയച്ച് വിവരം അറിയിക്കേണ്ടതാണ്.മറ്റ് പരാമർശങ്ങൾ ഇല്ല.

## 3.സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്

2017-18 വർഷം ആരംഭിച്ച ഈ പദ്ധതിപ്രകാരം 5 മുതൽ 8 വരെയുള്ള ക്ലാസുകളിൽപഠിക്കുന്ന 288 വിദ്യാർത്ഥികൾക്ക് 5,76,000/- രൂപ വിതരണംചെയ്തിട്ടുണ്ട്. പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല.ബന്ധപ്പെട്ട സ്കൂളുകളിൽനിന്നും അക്വിറ്റൻസുകളും വൗച്ചറുകളും ലഭ്യമാക്കി രജിസ്റ്റർ പരിപാലിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ വിനിയോഗ സർട്ടിഫിക്കറ്റ് ഏ.ജി.ക്ക് സമർപ്പിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 4.ശ്രീ.അയ്യൻകാളിടാലന്റ് സേർച്ച് ഡവലപ്മെന്റ് സ്കീം.

2011-12 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം(പുതിയത്) | കുട്ടികളുടെ എണ്ണം(പുതുക്കൽ) | ആകെ അനുവദിച്ച തുക |
|---|---|---|---|
| 2011-12 | 2 | 2 | 18,000/- |
| 2012-13 | 1 | 2 | 13,500/- |
| 2013-14 | 3 | 3 | 27,000/- |
| 2014-15 | 5 | 4 | 40,500/- |
| 2015-16 | 3 | 3 | 27,000/- |
| 2016-17 | 4 | 5 | 40,500/- |
| 2017-18 | 2 | 4 | 27,000/- |

തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ രജിസ്റ്റർ പരിപാലിക്കുന്നു.എന്നാൽ പുതിയ കുട്ടികളുടേയും ആനുകൂല്യം പുതുക്കിവാങ്ങുന്ന കുട്ടികളുടേയും വിവരങ്ങൾ പ്രത്യേകം പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.. അക്വിറ്റൻസിൽ തീയതിവച്ച് ഒപ്പിടുന്നു വെന്ന് ഉറപ്പു വരുത്തേണ്ടതാണ്.ഈ സ്കീമിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം സ്കൂൾ അധികൃതരുമായി ബന്ധപ്പെട്ട് പരിശോധിക്കേണ്ടതും എസ്.സി പ്രമോട്ടർമാർ കുട്ടികളുടെ ഭവനങ്ങളിൽ സന്ദർശനംനടത്തി പഠനനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്. 7 വർഷത്തേയും യു.സി അയച്ചിട്ടുള്ളതായി കാണുന്നു.

## 5.പാരലൽ കോളേജ് എഡ്യൂക്കേഷൻ എയ്ഡ്

1. 2011-12 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ധനസഹായം നല്കിയ വിദ്യാർത്ഥികളുടെ വിവരം അനുവദിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർ ത്ഥിക ളുടെ എണ്ണം | | അനുവദിച്ച തുക | |
|---|---|---|---|---|
| | S.C | O.E.C | S.C | O.E.C |
| 2011-12 | 29 | 2 | 1,66,729/- | 10,097/- |
| 2012-13 | 27 | 5 | 1,79,998/- | 33,133/- |
| 2013-14 | 26 | 10 | 1,73,613/- | 65,441/- |
| 2014-15 | 24 | 13 | 1,58,107/- | 85,825/- |
| 2015-16 | 17 | 18 | 1,11,927/- | 1,16,146/- |
| 2016-17 | 10 | -- | 84,024/- | -- |
| 2017-18 | -- | -- | -- | -- |

പാരലൽകോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ രേഖപ്പെടുത്തിവയ്ക്കാൻ പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല.അക്വിറ്റൻസ് നല്ലരീതിയിൽപരിപാലിക്കുന്നുണ്ട് എങ്കിലും പേജ്നമ്പർഇട്ട് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. ആനുകൂല്യം അനുവദിച്ച ജില്ലാ പട്ടികജാതിവികസന ഓഫീസറുടെ ഉത്തരവുകൾ,അപേക്ഷകളും അനുബന്ധരേഖ കളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.ഏഴുവർഷത്തേയും യു.സി അയച്ചതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

## 6.ഒ.ബി.സി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം.

1.2011-12 വർഷം മാത്രം നടപ്പിലാക്കിയ ഒരു പദ്ധതിയായിരുന്നു ഇത്.പ്രതിവർഷം 45,000/-രൂപയിൽതാഴെ വാർഷികവരുമാനം ഉണ്ടായിരുന്ന പിന്നാക്ക വിഭാഗത്തിൽപ്പെട്ട രക്ഷിതാക്കളുടെ 6 മുതൽ 10 വരെ ക്ലാസ്സിൽപഠിച്ചിരുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാ നുകൂല്യം അനുവദിക്കുന്നതിനുവേണ്ടി ടി വർഷം 7,99,500/- രൂപ 857 വിദ്യാർത്ഥി കൾക്കായി ചെലവഴിച്ചിട്ടുള്ളതായി 2011-12 വർഷത്തെ Bill OC പരിശോധിച്ചതിൽ വ്യക്ത മാകുന്നു.

2.ഇതുസംബന്ധിച്ചഫയൽ കണ്ടെത്താനായിട്ടില്ല.തുക വിതരണംചെയ്തതു സംബന്ധിച്ച അക്വിറ്റൻസ്,രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.വിനിയോഗ സർട്ടിഫിക്കറ്റ് അയച്ച് വിവരം അറിയിക്കേണ്ടതാണ്.

## 7.സൈക്കിൾ വിതരണം.

1.2011-12 സാമ്പത്തികവർഷം മാത്രം നടപ്പിലാക്കിയ ഒരു പദ്ധതിയാണിത്.സർക്കാരിന്റെ 100 ദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി 8-ാം ക്ലാസിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 3000/- രൂപവീതം സൈക്കിൾവാങ്ങുന്നതിനുള്ള ധനസഹായമായി അനുവദിച്ചിരുന്നു.ഈ ബ്ലോക്കിലെ 4 സ്കൂളുകളിലെ 40 ആൺകുട്ടികൾക്കും,59 പെൺകുട്ടികൾക്കുമായി ആകെ 99 വിദ്യാർത്ഥികൾക്കായി 2,97,000/-രൂപ അനുവദിച്ച തായി കാണുന്നു.സൈക്കിൾ വാങ്ങിയതിന്റെ ബിൽ സഹിതം അക്വിറ്റൻസ് സ്കൂൾമേധാ വിയിൽനിന്നും വാങ്ങിസൂക്ഷിച്ചിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് അയച്ച് വിവരം അറി യിക്കേണ്ടതാണ്.

**8.വാൽസല്യനിധി.**

സഉ(പി)നം.11/2017/പജ.പവ.വിവ തീയതി 15-11-2017പ്രകാരം ആവിഷ്കരിച്ച ഈ പദ്ധതി പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കുന്നു.18 വയസ് പൂർത്തിയാകുന്നമുറക്ക് 3,03,526/- രൂപ ഇൻഷ്വറൻസ് പരിരക്ഷയായി ലഭിക്കുന്നു.ഈ തുക ഉപരിപഠനത്തിനോ ഇതര ജീവിത സന്ധാരണത്തിനോവിനിയോഗിക്കാവുന്നതാണ്.

2017-18 സാമ്പത്തികവർഷം ഈ ഇനത്തിൽ 23 അപേക്ഷകൾ ലഭിച്ചതായും ടി അപേക്ഷ കൾ മേൽ നടപടിക്കായി ജില്ലാപട്ടികജാതി വികസന ഓഫീസർക്ക് അയച്ചിട്ടുള്ളതായി കാണുന്നു.

ഇതിൻമേലുള്ള Claim due ആകുന്നത് കുട്ടിക്ക് 18 വയസ് പൂർത്തിയാകുമ്പോഴാണ്.ഭാവി യിൽ ഇൻഷ്വറൻസ് കമ്പനിയുമായി എതെങ്കിലുംവിധത്തിലുള്ള തർക്കം ഉണ്ടാകുന്ന പക്ഷം ഇൻഷ്വറൻസ് തുക ക്ലെയിം ചെയ്യുന്നതിനുള്ള രേഖകൾ എസ്.സി.ഡി.ഒ തല ത്തിൽ സൂക്ഷിക്കേണ്ടിയിരിക്കുന്നു.ദീർഘകാലം സൂക്ഷിക്കാൻ കഴിയുന്ന രജിസ്റ്ററിൽ ഗുണഭോക്താവിന്റെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**പാർട്ട് III IV**

**മറ്റ് രജിസ്റ്ററുകൾ**

**1. ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ**

30-07-2006 ൽ ആരംഭിച്ച രജിസ്റ്ററിലാണ്പരിശോധനാകാലയളവിലെ രേഖപ്പെടുത്തലു കൾ. പരിശോധനാസമയത്ത് (09-08-2018) 957/- രൂപയുടെ സ്റ്റാമ്പ് ബാലൻസ് ഉണ്ടായിരു ന്നു.ഇത് പരിശോധിച്ച് ബോധ്യപ്പെട്ടു. മാസംതോറും ഫിസിക്കൽ വേരിഫിക്കേഷൻ നട ത്തുന്നുണ്ട്. എന്നാൽ ദ്വൈവാര ഭൗതിക പരിശോധന നടത്തുന്നതായി കാണുന്നില്ല ഗവ.സർക്കുലർ നം.43/88/ഫിൻ തീയതി 03/06/1988 പ്രകാരം ദ്വൈവാര ഭൗതിക പരിശോ ധന നടത്തി സാക്ഷ്യപ്പെടുത്തൽ രേഖപ്പെടുത്തി സുക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**2.ഫർണിച്ചർ രജിസ്റ്റർ.**

02-02-2001 ൽആരംഭിച്ചതും നിശ്ചിത ഫോറത്തിലല്ലാത്ത ഒരു രജിസ്റ്റർ ആണ് ഈ ഓഫീസിൽ പരിപാലിച്ചുവരുന്നത്.ഇലക്ട്രിക് &ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല.ഫർണിച്ചർ, ഇലക്ട്രിക് &ഇലക്ട്രോണിക് ഉപകരണ ങ്ങൾ എന്നിവക്കായി പ്രത്യേകം പ്രത്യേകം രജിസ്റ്റർ പരിപാലിക്കേണ്ടതും സാമഗ്രിക ളുടെ വാർഷിക ഭൗതിക പരിശോധന, ചുമതല കൈമാറ്റം എന്നിവ നടത്തി സാക്ഷ്യ പത്രം രേഖപ്പെടുത്തേണ്ടതുമാണ്.

**3.ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ.**

KFC Vol. I –ART-63 പ്രകാരമുള്ള ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിപാലിക്കാൻ നിർദ്ദേശമുണ്ട്.എന്നാൽ ഈഓഫീസിൽ ഇപ്രകാരമുള്ള രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും(നിശ്ചിത പ്രഫോർമയിലല്ലാത്ത) ആവശ്യമായ എല്ലാവിവരങ്ങളും രേഖപ്പെടുത്തുന്നില്ല. ഓരോ കലണ്ടർ വർഷത്തിലും ലഭിക്കുന്ന ആഡിറ്റ് ഒബ്ജക്ഷനുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിസൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

**4.പേ ബിൽ രജിസ്റ്റർ.**

രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും ജീവനക്കാരുടെ PEN നമ്പർ,സ്ഥലംമാറ്റവിവരങ്ങൾ,വിരമിക്കൽ,അവസാന വേതനപത്രിക നൽകിയതുസംബന്ധിച്ച വിവരങ്ങൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്

**5.കണ്ടിജന്റ് രജിസ്റ്റർ.**

2015-16 ന് ശേഷം രജിസ്റ്റർ പരിപാലിക്കുന്നതായി കാണുന്നില്ല. Contingent Register in Form 10 KFC പ്രകാരം പരിപാലിച്ച് വിവരം അറിയിക്കേണ്ടതാണ്.

**6.ഇൻകംബന്റ് രജിസ്റ്റർ.**

രജിസ്റ്റർ പരിപാലിക്കുന്നില്ല. ഇൻകംബന്റ് രജിസ്റ്റർ പരിപാലിച്ച് ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തിസൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

**7.ഹാജർ പുസ്തകം.**

എല്ലാ വിഭാഗം ജീവനക്കാരുടേയും( പ്രമോട്ടർമാർ ഉൾപ്പെടെ) അറ്റന്റൻസ് രജിസ്റ്റർ തൃപ്തികരമായി പരിപാലിക്കുന്നുണ്ട്.

**8.ആസ്തി രജിസ്റ്റർ.**

ആസ്തി രജിസ്റ്റർ പരിപാലിക്കുന്നില്ല.വകുപ്പിന്റെ വിവിധ പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾക്ക് നൽകിയ സ്ഥലങ്ങളിൽ ചിലത് പലബ്ലോക്കുകളിലും ഉള്ളതായി അറിയുന്നു.കൂടാതെ നേഴ്സറി സ്കൂൾ,ഹോസ്റ്റലുകൾ,വകുപ്പിന്റെ ഫണ്ടുപയോഗിച്ചുനിർമ്മിച്ച കമ്മ്യൂണിറ്റി ഹാൾ,മറ്റ് നിർമ്മാണങ്ങൾ എന്നിവയും ഇവ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളും സ്ഥാപനങ്ങളും വകുപ്പിന്റെ ഉടമസ്ഥതയിൽ ഉണ്ട്.ഇവ കണ്ടെത്തി രജിസ്റ്ററിൽ ചേർത്ത് ആസ്തി രജിസ്റ്റർ പരിപാലിക്കേണ്ടതാണ് .

**9.SC പ്രമോട്ടേഴ്സിന്റെ വർക്ക്ഡയറി.**

.സ.ഉ(അച്ചടി) 86/2010 തീയതി.28/07/2010 പ്രകാരം SC പ്രമോട്ടേഴ് വർക്ക്ഡയറി നിശ്ചിത മാതൃകയിൽ എഴുതിസൂക്ഷിക്കേണ്ടതാണ്. വർക്ക്ഡയറി വെള്ള പേപ്പറിൽ എഴുതിസൂക്ഷിക്കുന്ന രീതി പ്രോൽസാഹിപ്പിക്കരുത്. മറ്റ് പരാമർശങ്ങൾ ഇല്ല.

**<u>പൊതു അഭിപ്രായം.</u>**

നഗരസഭാ കാര്യാലയത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതിവികസന ഓഫീസിന് നില വിൽ ഒരു മുറി മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഇത് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് പര്യാപ്തമല്ല.കൂടുതൽ സൗകര്യമുള്ള ഓഫീസ് പട്ടികജാതിവികസന ഓഫീസിനായി നൽകാൻ ഷൊർണൂർ നഗരസഭയോട് അഭ്യർത്ഥിക്കുന്നതിന് പാലക്കാട് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകാവുന്നതാണ്.കൗൺസിലർമാർ,ഗുണഭോക്താക്കൾ എന്നിവരുമായി നല്ലബന്ധംപുലർത്തുന്നതായി അറിയുന്നു.ഓഫീസ് രേഖകളും രജിസ്റ്ററുകളും സാമ്പത്തികവർഷാടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.ഓഫീസിന്റെ പ്രവർത്തനം തൃപ്തികരമാണ്.

പരിശോധനാകുറിപ്പ് അംഗീകാരത്തിന് സമർപ്പിക്കുന്നു.

08/11/2018.

കെ.എസ്. സുദർശനൻ ആചാരി,

സീനിയർ സൂപ്രണ്ട്,ഫിൻ ഡി

08/11/18

കെ.കെ പ്രസാദ്,

സീനിയർ സൂപ്രണ്ട്,ഫിൻ ഇ

M. MUHAMMED FARIS
Joint Secretary to Govt.
Finance Department
O/D. Senior Finance Officer
Directorate of Scheduled Caste's Development